# ഹയർസെക്കന്ററി ഒന്നാംവർഷ മാതൃകാപരീക്ഷ

## മലയാളം

പേപ്പർ - രണ്ട്

സ്കോർ - 80
സമയം 2½ മണിക്കൂർ
കൂൾ ഓഫ് സമയം : 15 മിനിട്ട്

1. 'അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ'

(കുമാരനാശാൻ)

'അപരന്റെ ദാഹത്തിനെന്റേതിനക്കാളു-
മധികം കരുതലും കരുണയും കുടിപാർക്കു
മൊരു വീടെനിക്കുണ്ടതിൻ കാച്ചുതിണ്ണമേൽ
വെറുതേയിരുന്നു ഞാൻ പാടുന്നു'

(ഒ.എൻ.വി)

സമകാലീന ജീവിതാവസ്ഥയിൽ ഇത്തരം പ്രസ്താവനകൾക്ക് പ്രസക്തി നഷ്ടപ്പെട്ടുവോ? കവിതകളെ അടിസ്ഥാനമാക്കി വിശദീകരണക്കുറിപ്പെഴുതുക സ്കോർ 8

2. വിശുദ്ധ നാടുകളിലേക്ക് ഒരു തീർത്ഥയാത്ര സംഘടിപ്പിക്കുന്നു എന്ന് കരുതുക. തീർത്ഥയാത്രയിലേക്ക് ആളുകളെ ആകർഷിക്കാൻ പാകത്തിൽ ഒരു നോട്ടീസ് തയ്യാറാക്കുക. (ശ്മശാനഭൂമി എന്ന പാഠഭാഗത്തിൽ പരാമർശിച്ചിട്ടുള്ള സ്ഥലനാമങ്ങളും പ്രത്യേകതകളും പരാമർശിക്കണം) (സ്കോർ 6)

3. പട്ടിക തയാറാക്കുക:
ചിത്രകലയും കാവ്യകലയും താരതമ്യപ്പെടുത്തുന്ന വിധത്തിൽ താഴെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക:

| ചിത്രകല | കാവ്യകല |
|---|---|
| 1. വർണരേഖാരൂപം | ശബ്ദാർത്ഥരൂപം |

(സ്കോർ-4)

4. "കുരുത്തംകെട്ട ഒരു പട്ടി ചാടി കുരച്ചുകൊണ്ടെത്തി. കൈയിലിരുന്ന ആവണക്കിൻ പത്തലുകൊണ്ടൊരു കീറുകൊടുത്തു. അപ്പോഴേക്കും എല്ലാ നായിന്റെ മക്കളും എഴുന്നേറ്റു". ഈ വരികളിൽ തെളിയുന്ന കള്ളന്റെ മനോഭാവം വിശകലം ചെയ്യുക.
എന്തുകൊണ്ടാകാം ഇങ്ങനെ ഒരു വീക്ഷണം രൂപപ്പെട്ടത്?
സ്വന്തം നിരീക്ഷണം എഴുതുക. സ്കോർ-6)

5. **നിരീക്ഷണങ്ങൾ കുറിക്കുക:**

മകളേ പുറത്തേക്കു
നീയിപ്പോളെറിഞ്ഞൊരീ
മധുരക്കൂടിന്നൊപ്പം
പൊള്ളയാണത്രേ നമ്മൾ

ആധുനിക ജീവിതത്തിന്റെ പൊള്ളത്തരമെങ്ങനെയെന്ന് 'മാമ്പഴക്കാല'ത്തിൽ കവി ചിത്രികരിച്ചിട്ടുണ്ട്. 'മാമ്പഴക്കാലം' എന്ന കവിതയെ 'മായാമയൻ' 'പ്ലാസ്റ്റിക്ക്' എന്നീ കഥകളോട് ചേർത്തുവെച്ച് ഉപഭോഗ സംസ്കാരത്തിന്റെ ഫലമായി ജീവിതത്തിന് സംഭവിച്ച വൈകല്യങ്ങൾ കണ്ടെത്തുക. സ്കോർ-8)

6. **പ്രതികരണക്കുറിപ്പ് തയ്യാറാക്കുക:**
കീചകവധത്തിലെ സുദേഷ്ണയും മാലിനിയും കീചകനുമെല്ലാം നമ്മുടെ സമകാലിക സമൂഹത്തിന്റെ പ്രതീകമാണ് സ്കോർ-8)

7. എൻഡോസൾഫാൻ എന്ന കീടനാശിനി സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിലേക്കായി രണ്ട് പരസ്യവാചകങ്ങൾ തയാറാക്കുക.
സ്കോർ-4)

8. **നിഗമനങ്ങൾ അവതരിപ്പിക്കുക**

'രാമന്റെ വ്യക്തിത്വത്തിന് കോട്ടം തട്ടാത്തവിധം രാവണന്റെ ബഹുമുഖത്വത്തെ രംഗത്താവിഷ്ക്കരിക്കാൻ ലങ്കാലക്ഷ്മിയിൽ നാടകകൃത്തിനു സാധിച്ചിട്ടുണ്ട്.' ലങ്കാലക്ഷ്മിയുടെ ആമുഖത്തിൽ ഡോ.കെ.അയ്യപ്പപ്പണിക്കർ പ്രകടിപ്പിക്കുന്ന ഈ അഭിപ്രായം പരിശോധിച്ച് സ്വന്തം നിഗമനങ്ങൾ അവതരിപ്പിക്കുക. സ്കോർ- 8)

9. നിങ്ങളുടെ പ്രദേശത്ത് പ്രചാരമുള്ള ആറ് പദങ്ങളും അവയുടെ മാനകരൂപവും എഴുതുക സ്കോർ-6

10. മനുഷ്യന്റെ കണ്ണീരും വിയർപ്പും നിസ്സഹായതയും യഥാതഥമായി ആവിഷ്കരിക്കാൻ ശ്രമിച്ച കഥകളാണ് പൊൻകുന്നംവർക്കിയുടെ 'ശബ്ദിക്കുന്ന കലപ്പയും' മുകുന്ദന്റെ 'പ്ലാസ്റ്റിക്കും'. ഇതിലെ പ്രധാന കഥാപാത്രങ്ങളെ വിശകലനം ചെയ്ത് സ്വാഭിപ്രായം വ്യക്തമാക്കുക. സ്കോർ-8)

11 **വാർത്ത തയ്യാറാക്കുക.**

താഴെ കൊടുത്തിരിക്കുന്ന സൂചനകൾ ഉപയോഗിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക:

1. ഏഷ്യയിലെ ഏറ്റവും വലിയ ശാസ്ത്രമേളയായ സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം.
2. പാലക്കാട് വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദുറബ്ബ് ഉദ്ഘാടനം
3. ബി.ഇ.എം.ഹയർ സെക്കൻഡറി സ്കൂൾ പ്രധാന വേദി
4. 8000-ത്തിലേറെ കുഞ്ഞുശാസ്ത്രജ്ഞർ അണിനിരക്കുന്നു.
5. രാജ്യം നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് ക്രിയാത്മകമായ മറുപടിയും പരിഹാരവും ഇത്തരം മേഖലകളിൽ നിന്നുണ്ടാകണം -- മന്ത്രി
6. ഗ്രേസ് മാർക്കിനേക്കാൾ പുതിയ ആശയങ്ങളുടെ പ്രതിഫലനത്തിനാണ് പ്രാധാന്യം കൊടുക്കേണ്ടതെന്ന് മന്ത്രി
7. മേള 13-ന് കൊടിയിറങ്ങും
8. സമാപനസമ്മേളനത്തിൽ മുഖ്യാതിഥി പൊതുവിദ്യാഭ്യാസ ഡയറക്ടർ

(സ്കോർ 8)

12. **വിവർത്തനം ചെയ്യുക:**

**Just for today I will be happy. This assumes that what Abraham Lincoln said is true, that most folks are about as happy as they make up their minds to be. Happiness is from what it is not a matter of externals.**

മുകളിൽ കൊടുത്ത ഖണ്ഡിക മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക. അതിലെ പ്രധാന ആശയത്തോടുള്ള നിങ്ങളുടെ കാഴ്ചപ്പാട് എന്ത്? (സ്കോർ - 6)
ഒരു വിശദീകരണക്കുറിപ്പ് എഴുതുക

ആറ്റിങ്ങൽ ക്ലസ്റ്റർ